**അനുബന്ധം**

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) മേശപ്പുറത്തുവച്ച പ്രസംഗത്തിന്റെ ഭാഗം

2021-22 മുതൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പ്രധാന പദ്ധതികൾ/പരിപാടികൾ

1. ഒരു സബ് രജിസ്ട്രാർ ഓഫീസിലെ ആധാരം ആ ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം.

സർക്കാരിന്റെ 30-10-2020-ലെ 146/2020/Taxes ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ നിയമം വകുപ്പ് 30 പ്രകാരം ഒരു ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർമാർക്കും ആ ജില്ലയിലെ എല്ലാ ഓഫീസുകളിലും അധികാരപരിധിയായി നിശ്ചയിച്ചുകൊണ്ടുള്ള നിയമ ഭേദഗതിയിലൂടെയാണ് ഇത് നടപ്പിലാക്കിയത്.

2. വാണിജ്യ ബാങ്കുകളിൽനിന്നും ചെറുകിട വ്യവസായ വായ്പകളും വ്യക്തഗത വായ്പകളും ലഭിക്കുന്നതിനാവശ്യമായ കരാറുകൾക്ക് ഇ-സ്റ്റാമ്പിംഗ് സൗകര്യമുപയോഗിച്ച് പൂർണമായി ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുന്ന ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ പ്ലാറ്റ്ഫോം.

വാണിജ്യ ബാങ്കുളിൽനിന്നും സൂക്ഷ്മ-ചെറുകിട വ്യവസായ വായ്പകളും

വ്യക്തിഗത വായ്പകളും ലഭിക്കുന്നതിനാവശ്യമായ കരാറുകൾക്ക് ഇ-സ്റ്റാമ്പിംഗ് സൗകര്യമുപയോഗിച്ച് പൂർണമായി ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുന്ന പദ്ധതിയാണിത്. രജിസ്ട്രേഷൻ നിർബന്ധമല്ലാത്തതും എന്നാൽ മുദ്രവില ആവശ്യമായതുമായ വാണിജ്യ ബാങ്കുകളുമായി ബന്ധപ്പെട്ടുള്ള പണയാധാരങ്ങൾക്കും മറ്റ് കരാറുകൾക്കുംകൂടി ഇ-സ്റ്റാമ്പിംഗ് സൗകര്യങ്ങൾ വിപുലീകരിച്ചുകൊണ്ട് വായ്പ ഇടപാടുകൾ പൂർണമായി ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുകയെന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. ഇതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ PEARL എന്ന ഡിജിറ്റൽ സംവിധാനവും ട്രഷറി വകുപ്പിന്റെ ഇ-ട്രഷറി സംവിധാനവും നാഷണൽ ഇ-ഗവേണൻസ് സർവീസസ് ലിമിറ്റഡിന്റെ (NeSL) ഡിജിറ്റൽ സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ടാണ് സേവനം സാധ്യമാക്കുന്നത്.

ഈ സംവിധാനം നടപ്പിലായിക്കഴിഞ്ഞാൽ അപേക്ഷകന്റെ വാസസ്ഥലത്തിരുന്നുകൊണ്ട് ബാങ്കുകൾ സന്ദർശിക്കാതെതന്നെ ബാങ്കിന്റെ പോർട്ടലിലുള്ള വിവരങ്ങൾ പരിശോധിച്ചുകൊണ്ട് കരാറിൽ ഇ-സൈൻ ചെയ്യാവുന്നതാണ്. കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്ക് ആണ് ഇ-സൈൻ സൗകര്യമൊരുക്കിയിരിക്കുന്നത്. ഈ സംവിധാനം മറ്റ്

സംസ്ഥാനങ്ങളിലും നടപ്പിലാക്കിവരികയാണ്. ആദ്യ ഘട്ടത്തിൽ വാണിജ്യ ബാങ്കുകളും കെ.എസ്.എഫ്.ഇ., കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC), കെ.എസ്.ഐ.ഡി.സി., കേരള ബാങ്ക് എന്നീ സ്ഥാപനങ്ങളുമായി സംയോജിപ്പിച്ചുകൊണ്ടുള്ള സംവിധാനമാണ് നടപ്പിലാക്കുന്നത്.

ഒപ്പ് വയ്ക്കേണ്ട കരാറിന്റെ മുദ്രവില നിർണയം രജിസ്ട്രേഷൻ വകുപ്പിന്റെ പോർട്ടൽ മുഖേനയാണ് നടത്തുന്നത്. തുടർന്ന് ഇ-ട്രഷറി സംവിധാനത്തിലൂടെ തുക ഈടാക്കിയതിനുശേഷം NeSL സമർപ്പിച്ച കരാറിൽ ഇലക്ട്രോണിക് രൂപത്തിലുള്ള മുദ്ര രേഖപ്പെടുത്തി കരാറിന് പൂർണരൂപം നൽകുന്നു.

രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത ആധാരങ്ങളുടെ എണ്ണവും ഈയിനത്തിലുള്ള നികുതി വരുമാനം സംബന്ധിച്ച വിവരങ്ങളോ ക്രോഡീകരിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. എന്നാൽ ഈ പുതിയ സംവിധാനം നടപ്പിലാക്കുന്നതോടെ ഇത്തരത്തിലുള്ള നികുതി വരുമാനത്തെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഇനിമുതൽ ലഭ്യമാകുന്നതാണ്. കൂടാതെ ഇത്തരം ആധാരങ്ങളുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പ് പൂർണമായി ഒഴിവാക്കാനും കഴിയുന്നതാണ്. ഈ സംവിധാനം വിപുലീകരിച്ചുകൊണ്ട്

ഭാവിയിൽ കൂടുതൽ സേവനങ്ങൾക്ക് ഈ ആശയം പ്രാവർത്തികമാക്കുവാനും ലക്ഷ്യമിടുന്നു.

3. രജിസ്ട്രേഷൻ നടപടികളുടെ ലഘൂകരണം

നിലവിലെ രജിസ്ട്രേഷൻ നടപടികൾ ഡിജിറ്റൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് കൂടുതൽ മികവുറ്റതാക്കുകയെന്ന ലക്ഷ്യത്തോടെ വിവിധതരം ആധാരങ്ങളുടെ മാതൃകകൾ ലളിതവൽക്കരിച്ചുകൊണ്ട് അവയ്ക്ക് സംസ്ഥാനമൊട്ടുക്ക് ഏകീകൃതരൂപം നടപ്പിലാക്കുകയും ആധാരകക്ഷികളുടെ വിരൽപ്പതിപ്പും ഫോട്ടോയും ഡിജിറ്റൽ ഉപകരണങ്ങളുടെ സഹായത്തോടെ ലഭ്യമാക്കിക്കൊണ്ട് ഒരു മികവുറ്റ പരിഷ്കാരമാണ് ലക്ഷ്യമിടുന്നത്. ഈ സൗകര്യം നടപ്പിലാക്കുന്നതോടുകൂടി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ട് ആധാരം രജിസ്ട്രേഷനായി ഹാജരാക്കിയ ദിവസംതന്നെ മടക്കി നൽകുകയെന്നതാണ് ഈ പരിപാടികൊണ്ട് ലക്ഷ്യമിടുന്നത്.